മത്താ 24:45 - 51

ഫെബ്രുവരി 12: കൊഹനെ ഞായർ

ഭാഷ്യം

I. സന്ദർഭം

മത്തായിയുടെ സുവിശേഷം തുടങ്ങുന്നതുതന്നെ യേശു ആരാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ്. യേശു ദൈവപുത്രനും ക്രിസ്തുവുമാണ് (1:1–4:11). സുവിശേഷത്തിനന്റെ അവസാന ഭാഗത്ത് യേശുവും യൂദനേതാക്കളും തമ്മിലുള്ള സംഘർഷം രൂക്ഷമാകുന്നു (19:1–25:46). ഈ സംഘർഷത്തിന്റെ കൊടുമുടിയിലാണ് നിയമജ്ഞർ ക്കും ഫരിസേയർക്കുമെതിരെ യേശു രൂക്ഷവിമർശനം ഉയർത്തുന്നത് (23:1–39). അതിനെത്തുടർന്ന് ദേവാലയനാശം പ്രവചിക്കുന്നതിന്റെ തുടർച്ചയായിട്ടാണ് മനുഷ്യപുത്രന്റെ വരവിനെക്കുറിച്ച് അവൻ സംസാരിക്കുന്നത് (24:1–31). മനുഷ്യപുത്രന്റെ വരവിന് ഒരുക്കമായി ശിഷ്യർ ചെയ്യേണ്ടത് എന്താണെന്ന് പഠിപ്പിക്കുന്നതിന്റെ (24:32–51) അവസാ നഭാഗമാണ് ഇന്നത്തെ സുവിശേഷഭാഗം.

II. പ്രമേയം

മനുഷ്യപുത്രന്റെ വരവിനു മുമ്പുള്ള കാലഘട്ടത്തിൽ ശിഷ്യർ എന്തുചെയ്യണമെന്നതാണ് പ്രമേയം. അതായത് ശിഷ്യധർമ്മമാണ് ഇവിടെ വിവരിക്കപ്പെടുന്നത് എന്നു സാരം. ശിഷ്യർ ജാഗരൂകരായിരിക്കണമെന്നാണ് യേശു പഠിപ്പിക്കുന്നത് (24:42,44). ജാഗരൂകരായിരിക്കുക എന്നു പറഞ്ഞാൽ എന്താണ്? വിശ്വസ്തനും വിവേകിയുമായ ശിഷ്യന്റെ ചുമതലാനിർവ്വഹണമാണത് (24:45–46).

III. സന്ദേശം

1. വിശ്വസ്തനായ ഭൃത്യനും ദുഷ്ടനായ ഭൃത്യനും തമ്മിലുള്ള വ്യത്യാസം അവരുടെ പ്രവൃത്തികളിലാണ്. വിശ്വസ്തനായ ഭൃത്യൻ മറ്റുള്ളവർക്ക് ഭക്ഷണം കൊടുത്ത് അവരെ ശുശ്രൂഷിക്കുന്നു (24:45–46). എന്നാൽ ദുഷ്ടനായ ഭൃത്യൻ മറ്റുള്ളവരെ മർദ്ദിക്കുന്നു (24:49). ആദ്യത്തെയാൾ ശുശ്രൂഷ ചെയ്യുമ്പോൾ, രണ്ടാമത്തവൻ അധികാര പ്രമത്തതയും സ്വാർത്ഥതയും കാണിക്കുന്നു. നീ വിശ്വസ്തനാണോ, ദുഷ്ടനാണോ? എന്ന് തിരിച്ചറിയാനുള്ള മാനദണ്ഡം ഇതുതന്നെയാണ്. നീ മറ്റുള്ളവർക്ക് സേവനം ചെയ്യുന്നവനാണോ, അതോ അവ

രുടെമേൽ അധികാരം പ്രയോഗിക്കുന്നവനാണോ? നിസ്വാർത്ഥതയോടെ സേവനം ചെയ്യുമ്പോഴാണ് നീ വിശ്വസ്തനായ ഭൃത്യനാകുന്നത്.

2. മനുഷ്യപുത്രന്റെ വരവിന്റെ സമയത്തെക്കുറിച്ച് ആർക്കും അറിയില്ലെന്നാണ് വചനം (24:36). അതിനാൽ എപ്പോഴും ജാഗരൂകരായി, ഏൽപ്പിച്ച ജോലിയിൽ വ്യാപൃതനായിരിക്കണമെന്നുസാരം. അതായത് എല്ലാ നിമിഷവും മനുഷ്യപുത്രന്റെ വരവിലെന്നപോലത്തെ ജാഗ്രത നീ പുലർത്തണമെന്നു സാരം. ഒരർത്ഥത്തിൽ ഇത് ശരിയാണ് താനും. എല്ലാ നിമിഷങ്ങളും തമ്പുരാൻ നിന്നിലേക്ക് കടന്നു വരുന്ന നിമിഷങ്ങൾ തന്നെയാണ്. അത് തിരിച്ചറിയുമ്പോഴാണ് നിന്റെ ജീവിതം ദൈവികമാകുന്നത്.

3. ശ്രദ്ധിക്കേണ്ട കാര്യം നമ്മളാരും ഒന്നിന്റെയും യജമാനന്മാരല്ല എന്നതാണ്. നമ്മൾ ഭൃത്യരാണ്. എന്നാൽ ദുഷ്ടനായ ഭൃത്യന്റെ പ്രശ്നം അവൻ ഒടേക്കാരനെപ്പോലെ പെരുമാറി എന്നതാണ് (24:49). നീ ഭൃത്യനാണെന്ന കാര്യം മറന്നുപോകുന്നിടത്താണ് നീ ദുഷ്ടനായിത്തീരുന്നത്. അതിനാൽ നീ മറക്കാതിരിക്കേണ്ട സനാതന സത്യം ഇതാണ്- തമ്പുരാനാണ് എല്ലാത്തിന്റെയും യജമാനൻ. നീ വെറും ഭൃത്യനും കാവൽക്കാരനും മാത്രം.

ഡോ. ജേക്കബ് നാലുപറയിൽ

പ്രസംഗം

ആത്മാവിന്റെ വിശപ്പ്

യേശുവിന്റെ ജീവിതത്തിലെ പല പ്രധാനപ്പെട്ട സംഭവങ്ങളും നടക്കുന്നത് ഭക്ഷണവുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലോ സാഹചര്യങ്ങളിലോ ആണ്. കല്ലിനെ അപ്പമാക്കാനുള്ള പിശാചിന്റെ പരീക്ഷണം, വെള്ളത്തെ വീഞ്ഞാക്കുന്ന കാനായിലെ കല്ല്യാണവിരുന്ന്, അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തിയാക്കുന്നത്, ഇന്നീ വീടിന് രക്ഷ കൈവന്നിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്ന സക്കേവൂസിന്റെ വീട്ടിലെ സൽക്കാരം, അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമാക്കി വിഭജിച്ചുകൊടുക്കുന്ന അന്ത്യത്താഴം, എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോടൊപ്പം കൂടി അപ്പം മുറിക്കുന്നത്, രാത്രി മുഴുവൻ മീൻപിടിച്ചു തളർന്ന ശിഷ്യന്മാർക്ക് പ്രാതൽ ഒരുക്കി കടൽത്തീരത്ത് കാത്തിരിക്കുന്നത്. ഇങ്ങനെ ധാരാളം സന്ദർഭങ്ങളും ഇതുകൂടാതെ ഭക്ഷണവും വിരുന്നുമായി ബന്ധപ്പെട്ട ധാരാളം ഉപമകളും സുവിശേഷങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇന്നു നാം വായിച്ചുകേട്ട സുവിശേഷഭാഗവും അത്തരത്തിലുള്ള ഒരു ഉപമയാണ്.

തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണംകൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യന്റെ ഉപമ. എല്ലാ പരേതരായ പുരോഹിതർക്കായും സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ കൊഹനേ

ഞായറാഴ്ചയുടെ പശ്ചാത്തലത്തിലാണ് നാം ഈ ഉപമ വിചിന്തനത്തിന് വിഷയമാക്കുന്നത്. അപരന്റെ വിശപ്പടക്കുന്നതിനു തുല്യമാണ് പൗരോഹിത്യധർമ്മമെന്ന് വിവക്ഷിക്കാം. വെറുതെ വിശപ്പടക്കുകയല്ല, വിശ്വസ്തതയോടും വിവേകത്തോടും കൂടി ആ ധർമ്മം നിർവ്വഹിക്കുക. അതായത്, കൃത്യസമയത്ത് ഭക്ഷണം കൊടുക്കണം, ഓരോരുത്തരുടെയും ആവശ്യം കണ്ടറിഞ്ഞു കൊടുക്കണം. ഓരോരുത്തർക്കും ദഹിക്കുന്നതുമാത്രം കൊടുക്കണം. ഇപ്രകാരം കണ്ടറിഞ്ഞു കൊടുത്ത് വിശപ്പടക്കി കടന്നുപോയവരാണ് പരേതരായ പുരോഹിതർ. ഇടവകകളിലും ആശ്രമങ്ങളിലും സ്ഥാപനങ്ങളിലുമൊക്കെ ജീവിച്ച അവർ ഈ ധർമ്മം നിർവ്വഹിച്ചും അവരെ നമുക്ക് നന്ദിയോടുകൂടി ഓർക്കാം.

പുരോഹിതൻ ജനത്തിന്റെ വിശപ്പടക്കുകയെന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്? ഇന്ന് നിങ്ങളൊക്കെ ദേവാലയത്തിൽ വന്നിരിക്കുന്നത് ഏതോ ഒരു വിശപ്പിന്റെ ഉൾവിളിയാലാണ്. ഈ വിശപ്പ് ശരീരത്തിന്റെ വിശപ്പല്ല. ശരീരത്തിന്റെ വിശപ്പിലും അർത്ഥം നൽകുന്ന ഉന്നതമായ ഒരു വിശപ്പാണത്. മണിക്കൂറുകളോളം അടുപ്പിച്ച് ഭക്ഷണം കഴിക്കാതിരിക്കുമ്പോൾ നമുക്ക് വിശപ്പനുഭവപ്പെടും; ശരീരത്തിന്റെ ഊർജ്ജം നഷ്ടപ്പെടും; നമുക്ക് ഉത്സാഹമില്ലാതാകും. ഇതുപോലൊരു വിശപ്പ് ആത്മാവിനുമുണ്ട്. അതുകൊണ്ടാണ് വി.അഗസ്തിനോസ് പറഞ്ഞത്, 'ദൈവമേ, ഞാൻ അങ്ങയെ പ്രാപിക്കുവോളം എന്റെ ആത്മാവ് അസ്വസ്ഥമാണ്' എന്ന്. ആത്മാവിന്റെ ഈ വിശപ്പിൽ നിന്നുളവാകുന്ന അസ്വസ്ഥതയാണ് നമ്മെ ഈ ദേവാലയത്തിൽ ഒന്നിച്ചുകൂട്ടിയിരിക്കുന്നത്.

യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന ഒരു പുരോഹിതൻ ദൈവജനത്തിന്റെ ആത്മീയവിശപ്പടക്കാൻ വിളിക്കപ്പെട്ടവനാണ്- വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെ. മനുഷ്യരെ ദൈവവുമായി അടുപ്പിക്കുകയെന്ന ഭൃത്യധർമ്മം വഴിയാണ് ഈ വിളി നിവർത്തിക്കപ്പെടുന്നത്. യേശുവിന്റെ രക്ഷാകര ധർമ്മവുമതായിരുന്നല്ലോ. കാലത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി അവതരിച്ചതുതന്നെ തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ വേണ്ടിയാണ്. പിതാവായ ദൈവത്തിന്റെ (യജമാനന്റെ) ആ ദൗത്യം ജീവൻപോലും ബലിയായി നൽകി വിശ്വസ്തതയോടും വിവേകത്തോടുകൂടി പുത്രനായ ദൈവം (ഭൃത്യൻ) നിർവ്വഹിച്ചു.

നിർമ്മലമായ സ്നേഹത്തിന്റെ, ആഴമായ പ്രത്യാശയുടെ, നിത്യമായ ആനന്ദത്തിന്റെ ആഹാരത്തിനായി ജനം ആർത്തിയോടെ കാത്തിരിക്കുകയായിരുന്നു. ഇങ്ങനെ ആത്മീയവിശപ്പുള്ള ഒരു ജനതയുടെ ഇടയിലേക്കാണ് രക്ഷകൻ അവതരിക്കുന്നത്. അതുകൊണ്ടാണ് സുവിശേഷം പറയുന്നത്: "അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു" (മത്താ 4:16) "ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പ

തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായ രുമായിരുന്നു" (മത്താ 9:36). "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ 12:32).

മോശയുടെ നിയമങ്ങളും നിയമജ്ഞരും പുരോഹിതരും ദേവാലയവും എല്ലാമുണ്ടായിട്ടും യേശുവാകുന്ന രക്ഷകന് മാത്രം തൃപ്തിയാക്കാൻ കഴി യുന്ന ഒരു ആത്മീയ വിശപ്പനുഭവിക്കുന്ന ഒരു ജനതയേയാണ് നാം ഇവിടെ കാണുന്നത്. ഇവർക്കാണ് പിതാവായ ദൈവത്തിന്റെ വിശ്വസ്തഭൃത്യനായി യേശു രക്ഷയുടെ വിഭവസമൃദ്ധമായ സദ്യ വിളമ്പുന്നത്. അന്ധകാരത്തിൽ പ്രകാശമായി, ആടുകൾക്ക് ഇടയനായി, പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും വഴിയായി തന്നിലേക്ക് എല്ലാവരെയും ആകർഷിക്കുന്നവനായി ആ രക്ഷകൻ സകല മനുഷ്യരുടെയും വിശപ്പിന്റെ വിളിയ്ക്ക് ഉത്തരം നൽകി. ഇതിനെയാണ് യേശുവിലൂടെ കൈവന്ന രക്ഷയെന്ന് നാം പറയുന്നത്.

നിത്യരക്ഷയുടെ അനുഭവത്തിനായുള്ള എന്റെയും നിങ്ങളുടെയും അദ മ്യമായ ആഗ്രഹമാണ് നമ്മിൽ ആളിക്കത്തുന്ന വിശപ്പ്. ഈ വിശപ്പടക്കാൻ എന്നും ആത്മീയ ആഹാരം വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെ ജനത്തിനു നൽകിക്കൊണ്ടിരിക്കുന്ന ജോലിയിലാണ് ഓരോ പുരോഹിതനും ഏർപ്പെട്ടിരിക്കുന്നത്- യേശുവിനെപ്പോലെ. ജനത്തിനുവേണ്ടി ദൈവസന്നി ധിയിൽ മാധ്യസ്ഥ്യം വഹിക്കുന്നതിലൂടെ കൂദാശകൾ പരികർമ്മം ചെയ്യുന്ന തിലൂടെ, ആത്മീയ കൂട്ടായ്മയ്ക്ക് ഒരു ഇടയനെടുത്ത നേതൃത്വം നൽകുന്ന തിലൂടെ, അന്ധകാരമുള്ളിടത്തെല്ലാം പ്രകാശം പരത്തുന്നതിലൂടെ, സഹന ത്തിന്റെ കുരിശിൽ സ്വയം ബലിയായി എല്ലാവരെയും തന്നിലേക്ക് ആകർഷി ക്കുന്നതിലൂടെ ഓരോ പുരോഹിതനും ജനത്തിന്റെ വിശപ്പടക്കുകയാണ്.

ഇതിന്റെ പ്രകടമായ ഉദാഹരണമാണ് ഇന്ന് നാമർപ്പിക്കുന്ന ഈ വിശുദ്ധ കുർബാന. ഇവിടെ പുരോഹിതൻ ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു, ജനത്തെ വിശുദ്ധീകരിക്കുന്നു, ഒരു ബലിപീഠത്തിനു ചുറ്റും ഒന്നിച്ചുകൂട്ടി ജനത്തിന്റെ കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നു, ബലിയർപ്പകനും ബലിവസ്തു വുമായിത്തീരുന്നു. ഇതുവഴി നിത്യരക്ഷയുടെ മുന്നാസ്വാദനമാണ് ഇവിടെ നടക്കുന്നത്. ഈ മുന്നാസ്വാദനം ശിഷ്യന്മാർക്ക് നൽകാൻ വേണ്ടിയാണ് യേശു തന്റെ കുരിശിലെ ബലിയർപ്പണത്തിന് തൊട്ടുമുമ്പ് അവരെ ഒരു ഭക്ഷണമേ ശയ്ക്കു ചുറ്റും ഒന്നിച്ചുകൂട്ടിയത്. തന്റെ ശരീരവും രക്തവും മനുഷ്യന്റെ വിശപ്പടക്കുന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ എന്നന്നേക്കുമായി ലോകത്തിന് പകുത്തുനൽകിയത്. രക്ഷയുടെ വിശപ്പടക്കാൻ എന്നിലേക്ക് വരുവിൻ എന്ന ആഹ്വാനമാണ് ഇവിടെ നൽകുന്നത്.

വയറിന്റെ വിശപ്പടക്കുന്ന ഭക്ഷണം ആവശ്യത്തിന് ഭുജിച്ച് കഴിയുമ്പോൾ നമ്മൾ 'മതി' എന്നു പറയും. എന്നാൽ രക്ഷയുടെ അനുഭവനത്തിനായുള്ള വിശപ്പ് നമ്മിൽ ഉദ്ദീപിച്ചുകൊണ്ടേയിരിക്കും; ഒരിക്കലും 'മതി' എന്ന് പറ

യാൻ കഴിയില്ല. കാരണം രക്ഷയുടെ പ്രത്യക്ഷ അടയാളങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയ്ക്ക് പരിധിയില്ല. ഇവ എത്ര കിട്ടിയാലും 'മതി' എന്ന് നമ്മൾ പറയുമോ? ഒരുക്കലുമില്ല. മരണത്തിന്റെ കവാടം കടക്കുവോളം ഈ വിശപ്പ് നമ്മിൽ നിലനിൽക്കും; നാം വിശപ്പടക്കിക്കൊണ്ടേയിരിക്കണം- വരാനിരിക്കുന്ന ലോകത്തിൽ സ്നേഹത്തിൽ പൂർണ്ണതയിൽ എത്തുവോളം.

ഈ വിശപ്പിന്റെ വിളിയ്ക്ക് ഉത്തരം നൽകാൻ കഴിഞ്ഞ കാലങ്ങളിൽ നമ്മെ സഹായിച്ചു കടന്നുപോയ പരേതരായ എല്ലാ പുരോഹിതരെയും കൊഹനെ ഞായറാഴ്ചയായ ഇന്ന് നന്ദിയോടുകൂടി ദൈവസന്നിധിയിൽ ഓർക്കാം. ജനത്തിന്റെ വിശപ്പറിഞ്ഞ് അവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കുന്ന വിശ്വസ്തരും വിവേകികളുമായ യേശുവിന്റെ പുരോഹിതശ്രേഷ്ഠരെ നമ്മുടെ ഇടവകയിൽ നിന്ന് വിളിക്കണമേ. അഭിഷേകം ചെയ്യണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഫാ. ജോർജ് അയ്യനേത്ത് ഒ.ഐ.സി